©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

## പതിനഞ്ചാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2021-2023)

## ഒൻപതാമത് റിപ്പോർട്ട്

## [പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച് ]

(2023 സെപ്റ്റംബർ മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത് )


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2023

പതിനഞ്ചാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2021-2023)

## ഒൻപതാമത് റിപ്പോർട്ട്

[പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച് ]

1062/2023.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2021 - 2023)

## ഘടന

<u>അദ്ധ്യക്ഷ</u> :

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. പി. പി. ചിത്തരഞ്ജൻ

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. എം. എം. മണി

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ശ്രീ. എൻ. ഷംസുദ്ദീൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി

ശ്രീ. ഷാജി ആർ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വിനോദ് കുമാർ എം. കെ., അണ്ടർ സെക്രട്ടറി.

# മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2021-2023)-യുടെ അദ്ധ്യക്ഷയായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ മേഖലയുടെ ഉന്നമനം കണക്കിലെടുത്ത് ധനാഭ്യർത്ഥന XVII, മേജർഹെഡ് 2202, 2203, 4202, 6202-ന് കീഴിലുള്ള പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച് സമിതി പഠനം നടത്തുകയുണ്ടായി. പ്രസ്തുത പഠനത്തിന്റെ ഭാഗമായി വകുപ്പിൽ നിന്നും വിവരങ്ങൾ ശേഖരിക്കുകയും വിവിധ യോഗങ്ങളിൽ ഈ വിഷയം പരിഗണിക്കുകയും ചെയ്തു. പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും ശിപാർശകളും ഉൾക്കൊള്ളിച്ച് തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2023 സെപ്റ്റംബർ മാസം 11-ാം തീയതി ചേർന്ന സമിതി യോഗമാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

കെ. കെ. ശൈലജ ടീച്ചർ,
അദ്ധ്യക്ഷ,
എസ്റ്റിമേറ്റ്സ് കമ്മിറ്റി.

തിരുവനന്തപുരം,
2023 സെപ്റ്റംബർ 13.

# റിപ്പോർട്ട്

സാമൂഹിക വികസനത്തിലും ജീവിത നിലവാരത്തിലും നമ്മുടെ സംസ്ഥാനം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ രാജ്യത്തെ ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയും പ്രചോദനവും പ്രോത്സാഹനവും നൽകുന്നതാണ്. വികസിത രാജ്യങ്ങളുമായി താരതമ്യപ്പെടുത്താവുന്ന മാനവവികസന സൂചിക നമ്മുടെ സംസ്ഥാനം ചുരുങ്ങിയ കാലയളവിനുള്ളിൽ നേടിയെടുത്തു എന്നത് നമുക്ക് അഭിമാനിക്കാവുന്ന നേട്ടമാണ്. പണ്ട് മുതലേ നമ്മുടെ സമൂഹം വിദ്യാഭ്യാസത്തിന് പരമപ്രധാനമായ സ്ഥാനം കൽപ്പിച്ചുവരുന്നുണ്ട്. ഇവിടുത്തെ വിദ്യാലയങ്ങൾ എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും അവരെ വിവിധ മേഖലകളിൽ സംഭാവന നൽകാൻ പ്രാപ്തരാക്കുന്നതിനും സാമൂഹിക പ്രതിബദ്ധതയുമുള്ള പൗരന്മാരാക്കി മാറ്റുന്നതിനും മുൻതൂക്കം നൽകുന്നു. ഭാവി തലമുറയെ സാമൂഹിക ബോധമുള്ള പൗരന്മാരായി വാർത്തെടുക്കുന്നതിൽ വിദ്യാലയങ്ങൾ മുഖ്യ പങ്ക് വഹിക്കേണ്ടതുണ്ട്. ഓരോ കുട്ടിയുടെയും കഴിവുകളും പരിമിതികളും കണ്ടെത്തി അവനെ ഒരു നല്ല മനുഷ്യനായി വളർത്തിയെടുക്കുവാൻ ഓരോ അധ്യാപകനും അക്ഷീണം പരിശ്രമിക്കേണ്ടതുണ്ട്. കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കേണ്ടത് ഓരോ അധ്യാപകന്റെയും ചുമതലയാണ്.

2) പൊതുവിദ്യാഭ്യാസ മേഖല ആത്മവിശ്വാസത്തിന്റെയും ആഹ്ലാദത്തിന്റെയും പുതിയ വഴികളിലൂടെ മുന്നേറുകയാണ്. മതനിരപേക്ഷവും ജനാധിപത്യപരവുമായ പൊതുവിദ്യാലയാന്തരീക്ഷം ആധുനിക കേരളത്തെ വികസിപ്പിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്നു. അതുകൊണ്ടുതന്നെ പൊതുവിദ്യാലയങ്ങളുടെ ശാക്തീകരണം നമ്മുടെ സംസ്കൃതിയെ മുന്നോട്ട് നയിക്കാനുതകുന്ന പ്രക്രിയയാണ്. വിവിധ സർക്കാർ വകുപ്പുകളുടെ ബഡ്ജറ്റ് വിഹിതം വിനിയോഗിക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനുമായി രൂപീകരിക്കപ്പെട്ട ഒരു നിയമസഭ കമ്മിറ്റി എന്ന നിലയിൽ എസ്റ്റിമേറ്റ്സ് കമ്മിറ്റി കാലാകാലങ്ങളിൽ നടത്തിയിട്ടുള്ള വിവിധ പ്രവർത്തനങ്ങൾ വ്യത്യസ്ത മേഖലകളിൽ സംസ്ഥാനത്തിന്റെ പുരോഗതിയ്ക്കുള്ള ഉത്തമ നിദർശനങ്ങൾക്ക്

ഇടയായിട്ടുണ്ടെന്ന വസ്തുത ശ്രദ്ധേയമാണ്. പൊതുവിദ്യാഭ്യാസ മേഖലയിലും എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ യാഥാർത്ഥ്യ ബോധത്തോടെയുള്ള കാഴ്ചപ്പാടുകളുടെ അനുരണനങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് പറയുന്നതിലതിശയോക്തിയില്ല.

3) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പരിശോധനയുടെ ഭാഗമായി വകുപ്പിനെ സംബന്ധിച്ച് പൊതുവായ പഠനം നടത്തുവാൻ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2011-14) തീരുമാനിച്ചു. ധനാഭ്യർത്ഥന XVII-ന് കീഴിൽ 2202, 2203, 4202, 6202 എന്നീ മേജർ ഹെഡുകളിൽ ഉൾപ്പെട്ടുവരുന്ന പൊതുവിദ്യാഭ്യാസ വകുപ്പിനെ സംബന്ധിച്ച ശീർഷകങ്ങളുമായി ബന്ധപ്പെട്ട് സമിതിയുടെ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങൾ വകുപ്പിൽ നിന്നും ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ ചോദ്യാവലി തയ്യാറാക്കുകയും റിപ്പോർട്ടിനായി പൊതുവിദ്യാഭ്യാസ വകുപ്പിനയയ്ക്കുകയും ചെയ്തു. ആയതിന്മേൽ ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ 20-4-2023-ൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തുകയും അധിക വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. പ്രസ്തുത തെളിവെടുപ്പിന്റെയും വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിലുള്ള സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

4) വിദ്യാലയങ്ങൾ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷാകർത്താക്കൾ, സമൂഹം എന്നീ വിഭാഗങ്ങളുമായി അഭേദ്യമായി ബന്ധമുള്ള പൊതുവിദ്യാഭ്യാസ വകുപ്പിൻ കീഴിൽ ഒന്നു മുതൽ പത്തുവരെ ക്ലാസുകൾ കൈകാര്യം ചെയ്യുന്ന സെക്കന്ററി വിഭാഗത്തിനു പുറമേ 11,12 ക്ലാസുകൾ കൈകാര്യം ചെയ്യുന്ന ഹയർ സെക്കന്ററി, 11,12 ക്ലാസുകളിൽ പൊതുവിദ്യാഭ്യാസത്തോടൊപ്പം തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകുന്ന വൊക്കേഷണൽ ഹയർ സെക്കന്ററി, എല്ലാ വിഭാഗങ്ങൾക്കും സഹായ സേവനം നൽകുന്ന സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി.), സമഗ്രശിക്ഷാ കേരള (എസ്.എസ്.കെ), ഭിന്നശേഷിക്കാരായ കുട്ടികളുടെ ഉന്നമനം ലക്ഷ്യമിടുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് (എസ്.ഐ.എം.സി.), എല്ലാ വിഭാഗങ്ങൾക്കും വിവര സാങ്കേതിക വിദ്യയിൽ സഹായ സേവനം നൽകുന്ന കേരള ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്), സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ

മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ് (സീമാറ്റ്), അനൗപചാരിക വിദ്യാഭ്യാസം നൽകുന്ന കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി എന്നീ വിഭാഗങ്ങൾ ഉൾപ്പെടുന്നു.

5) കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലെ പൊതുവിദ്യാഭ്യാസ വകുപ്പിന് അനുവദിച്ച ബഡ്ജറ്റ് വിഹിതം സംബന്ധിച്ച വിശദവിവരം താഴെപ്പറയും പ്രകാരമാണ്.

<u>പദ്ധതി വിഹിതം</u> (തുക ലക്ഷത്തിൽ)

| ക്രമ നം | വകുപ്പ് | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|
| 1 | സെക്കന്ററി വിഭാഗം | 33792.14 | 42049.57 | 30190 |
| 2 | ഹയർ സെക്കന്ററി വിഭാഗം | 9450 | 9741 | 10195 |
| 3 | ഹയർ സെക്കന്ററി വിഭാഗം | 1400 | 1400 | 1400 |
| 4 | എസ്.സി.ഇ.ആർ.ടി. | 1800 | 1800 | 1900 |
| 5 | സീമാറ്റ് - കേരള | 350 | 350 | 400 |
| 6 | സാക്ഷരതാ മിഷൻ | 1750 | 1800 | 1800 |
| 7 | സമഗ്രശിക്ഷാ കേരള | 1150 | 1200 | 1350 |
| 8 | കൈറ്റ് | 3400 | 3000 | 3000 |
| 9 | എസ്.ഐ.എം.സി. | 900 | 900 | 900 |
| 10 | വിദ്യാകിരണം മിഷൻ | 100 | 100 | 125 |
| | ആകെ | **54092.14** | **62,340.57** | **51,260.00** |

പൊതുവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് വിവിധ ശീർഷകങ്ങളിൽ വിവിധ പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക വിഭാവനം ചെയ്ത ആവശ്യങ്ങൾക്കായി അതത് സാമ്പത്തിക വർഷം തന്നെ വിനിയോഗിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

6) വിദ്യാഭ്യാസ അവകാശ നിയമപ്രകാരം 200 മുതൽ 220 ദിവസം വരെ പ്രവൃത്തി ദിനങ്ങൾ വേണമെന്നുണ്ടെങ്കിലും കാലവർഷ കെടുതികൾ, ഹർത്താലുകൾ, മറ്റു പ്രാദേശിക അവധികൾ, സ്കൂൾ മേളകൾ എന്നിവയെല്ലാം കഴിഞ്ഞ് ഏകദേശം 180 ഓളം പ്രവൃത്തി ദിനങ്ങളായിരുന്നു മുൻപ് ലഭിച്ചിരുന്നത്. നിലവിൽ പ്രാദേശിക അവധികൾ പോലുള്ള ദിനങ്ങൾ നികത്തുന്നതിനായി ശനിയാഴ്ചകൾ പ്രവൃത്തി ദിനങ്ങൾ ആക്കുകയും, സ്കൂളുകളിൽ പ്രവൃത്തി സമയത്തിനുശേഷം അധിക സമയം കണ്ടെത്തി പഠന പ്രവർത്തനങ്ങൾ നടത്തി ഇത്തരത്തിലുള്ള പ്രവൃത്തിദിന നഷ്ടം പരിഹരിക്കുന്നുമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ ഹയർ സെക്കന്ററി വിഭാഗത്തിൽ പ്ലസ് വൺ ക്ലാസുകാർക്ക് 100 നോടടുത്ത് മാത്രമാണ് അധ്യയന ദിനങ്ങൾ ലഭിക്കുന്നതെന്നും 200 അധ്യയന ദിനങ്ങൾ എങ്കിലും വേണ്ട പാഠ്യപദ്ധതിയാണ് പ്ലസ് വൺ ക്ലാസിന്റേതെന്നും സമിതി കരുതുന്നു. ആയതിനാൽ **എസ്.എസ്.എൽ.സി. ഫലം വന്നയുടൻ തന്നെ പ്ലസ്‌വൺ പ്രവേശനം നടത്തി അധ്യയന ദിനങ്ങൾ നഷ്ടമാക്കാതിരിക്കുന്നതിൽ പൊതുവിദ്യാഭ്യാസ വകുപ്പ് ശ്രദ്ധപുലർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

7) കഴിവുള്ള അധ്യാപകരുടെ സേവനം മറ്റു സ്കൂളുകളിലും ലഭിക്കുവാൻ അഞ്ചുവർഷത്തിലൊരിക്കൽ അധ്യാപകരെ സ്ഥലം മാറ്റുന്നത് വളരെ ഗുണകരമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഹയർ സെക്കന്ററി അധ്യാപകർക്ക് നിലവിൽ മൂന്ന് വർഷം കൂടുമ്പോൾ സ്ഥലംമാറ്റത്തിന് അപേക്ഷിക്കാവുന്നതാണെന്നും നിലവിൽ അഞ്ച് വർഷത്തിലൊരിക്കൽ അവർക്ക് സ്ഥലം മാറ്റമുണ്ടാകുമെന്നും സമിതി മനസ്സിലാക്കുന്നു. അതുപോലെ **എൽ.പി., യു.പി., ഹൈസ്കൂൾ വിഭാഗം അധ്യാപകർക്കും അഞ്ചുവർഷത്തിലൊരിക്കൽ സ്ഥലം മാറ്റം നടത്തുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

8) പാഠപുസ്തക അച്ചടി മുൻകൂട്ടിയാണ് ആരംഭിക്കുന്നതെങ്കിലും കുറേക്കൂടി നേരത്തെ ആരംഭിക്കുന്നതിന് വിഘാതം സൃഷ്ടിക്കുന്ന പല ഘടകങ്ങളുണ്ടെന്നും അവ പാഠ്യ പദ്ധതി മാറുന്ന സമയങ്ങളിൽ രൂക്ഷമായ പ്രതിസന്ധികളാണ് ഉണ്ടാക്കുന്നതെന്നും എസ്.സി.ഇ.ആർ.ടി. തയ്യാറാക്കുന്ന പാഠപുസ്തകങ്ങളുടെ മാതൃക ലഭ്യമാക്കിയാൽ ഓരോന്നും പ്രൂഫ് പരിശോധന കഴിഞ്ഞ് ലഭ്യമാക്കിയതിനു ശേഷം മാത്രമേ അച്ചടി ആരംഭിക്കാൻ കഴിയൂ എന്ന് സമിതി മനസ്സിലാക്കുന്നു. കൂടാതെ 5 കോടിയോളം പാഠപുസ്തകങ്ങളാണ് ഓരോ വർഷവും അച്ചടിക്കേണ്ടി വരുന്നതെന്നും മൂന്നാം വാല്യം പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തിയാക്കി നീക്കിയിരുപ്പ് പേപ്പർ, പാഠപുസ്തകങ്ങൾ എന്നിവയുടെ കണക്കെടുത്തശേഷം മാത്രമേ അടുത്ത വർഷത്തേക്കുള്ള എസ്റ്റിമേറ്റ്സ് തയ്യാറാക്കാൻ കഴിയാറുള്ളൂവെന്നും സാധാരണയായി ഒക്ടോബർ-നവംബർ മാസങ്ങളിലാണ് പാഠപുസ്തക അച്ചടിയുമായി ബന്ധപ്പെട്ട ഉത്തരവ് സർക്കാർ പുറപ്പെടുവിക്കാറുള്ളതെന്നും ആയതിനുശേഷമാണ് കടലാസ് വാങ്ങുന്നതിനുള്ള ഓർഡർ നൽകുന്നതെന്നും ഇക്കാരണത്താലാണ് പാഠപുസ്തക അച്ചടി ആരംഭിക്കുവാൻ കാലതാമസം നേരിടുന്നതെന്നും സമിതി മനസ്സിലാക്കുന്നു.

ആയതിനാൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി **പാഠപുസ്തക അച്ചടിയുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് കുറച്ചുകൂടി നേരത്തെ പുറപ്പെടുവിക്കുവാൻ സാധിക്കുമോയെന്ന കാര്യം പരിശോധിച്ച് ആയതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

9) 2020-21, 2021-22, 2022-23 വർഷങ്ങളിൽ എസ്.എസ്.കെ. (സമഗ്രശിക്ഷാ കേരള) പദ്ധതിക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(തുക ലക്ഷത്തിൽ)

| വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| 2020-21 | 53544.29 | 41669.52 |
| 2021-22 | 500041.12 | 39053.83 |
| 2022-23 | 35180.87 | 34257.25 |

2020-21, 2021-22 കാലഘട്ടത്തിൽ അനുവദിച്ച തുകയുടെ നല്ലൊരു ശതമാനവും വകുപ്പ് ചെലവഴിച്ചിട്ടുണ്ടെന്ന് കാണുന്നു. 2022-23 കാലഘട്ടത്തിൽ അനുവദിച്ച തുക ഏകദേശം പൂർണ്ണമായും ചെലവഴിച്ചിട്ടുള്ളതായും കാണുന്നുണ്ട്. വരും വർഷങ്ങളിൽ എസ്.എസ്.കെ.-ക്ക് വിവിധ ഇനങ്ങളിലായി ബഡ്ജറ്റിൽ അനുവദിക്കുന്ന തുക പൂർണ്ണമായും അതേ ആവശ്യങ്ങൾക്കുതന്നെ ചെലവഴിക്കുന്ന കാര്യത്തിൽ വകുപ്പ് പ്രത്യേക ശ്രദ്ധ പുലർത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

10) സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ താഴെപ്പറയും പ്രകാരമാണ്.

(തുക ലക്ഷത്തിൽ)

| വർഷം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| 2020-21 | 5000 | 7022 |
| 2021-22 | 5000 | 11650 |
| 2022-23 | 8500 | 11897 |

11) സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2020-21, 2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുകയേക്കാൾ കൂടുതലായി ചെലവഴിച്ചിട്ടുള്ളതായി കണക്കുകൾ വ്യക്തമാക്കുന്നു. ഒരു സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകുന്ന കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ അതേ സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കുവാൻ സാധിക്കാത്തതിനാൽ മുൻ സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പൊതുമരാമത്ത് വകുപ്പ് നേരിട്ട് ബിൽ തുക മാറ്റിയെടുക്കുകയാണ് ചെയ്യുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ട്, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ഫണ്ട്, കിഫ്ബി ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തി സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ് എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ **കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന വിദ്യാലയങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ കാലതാമസം കൂടാതെ പൂർത്തിയാക്കുന്നതിന് സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

12) സംസ്ഥാന വിദ്യാഭ്യാസ ചരിത്രത്തിൽ ഐ.ടി. - ഐടി അധിഷ്ഠിത പഠന പ്രവർത്തനങ്ങൾ നടപ്പാക്കുന്നത് 2001-ൽ ആരംഭിച്ച ഐ.ടി.@സ്കൂൾ പ്രോജക്ട് വഴിയാണ്. എന്നാൽ 2017 ജൂലൈ 20 മുതൽ കേരള ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) എന്ന പേരിൽ പ്രത്യേക സർക്കാർ കമ്പനി രൂപീകരിക്കുകയും അതുമുഖേന വിദ്യാഭ്യാസ മേഖലയിൽ ഹൈടെക് പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തുവരുന്നു. കൂടാതെ സാങ്കേതിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പഠന-ബോധന പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നതും കൈറ്റാണ് എന്ന് സമിതി മനസ്സിലാക്കുന്നു.

13) കൈറ്റിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

- ഹൈടെക് സ്കൂൾ പദ്ധതി
- ഹൈടെക് ലാബ് പദ്ധതി
- സമഗ്ര പഠന വിഭവ പോർട്ടൽ
- പരിശീലനങ്ങൾ
- ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകൾ
- ഹാർഡ്‌വെയർ ക്ലിനിക്ക്, ഇ-മാലിന്യ നിർമ്മാർജ്ജനം

- ഇ-ക്യൂബ് ഇംഗ്ലീഷ്
- പരാതി പരിഹാര സംവിധാനം
- KOOL
- ഇ-ഗവേൺസ് പ്രവർത്തനങ്ങൾ
- 'സമേതം' കേരള സ്കൂൾ ഡേറ്റാ ബാങ്ക്
- 'സമന്വയ' തസ്തിക നിർണയ നിയമനാംഗീകാര സോഫ്റ്റ്‌വെയർ
- വിക്ടേഴ്സ് ചാനൽ

14) കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ കൈറ്റിന്റെ പ്രവർത്തനങ്ങൾക്ക് വകയിരുത്തിയ തുക, അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ താഴെപ്പറയും പ്രകാരമാണ്.

(തുക : കോടിയിൽ)

| വർഷം | വകയിരുത്തിയ തുക | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 2020-21 | 34 | 14.43 | 11.23 |
| 2021-22 | 30 | 18.40 | 16.28 |
| 2022-23 | 30 | 19.4 | 19.47 |

മൂന്ന് സാമ്പത്തിക വർഷങ്ങളിലും അനുവദിച്ച തുകയുടെ അത്രതന്നെ തുക ചെലവഴിച്ചിട്ടുള്ളതായി കാണുന്നു.

15) സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളെയും ഹൈടെക്ക് ആക്കുന്നതിന്റെ ഭാഗമായി എട്ടു മുതൽ പന്ത്രണ്ട് വരെ ക്ലാസുകളുള്ള സ്കൂളുകളിലെ 45,000 ക്ലാസ് മുറികൾ ഹൈടെക്ക് ആക്കുകയും ഒന്നു മുതൽ ഏഴുവരെയുള്ള ക്ലാസുകളിലേക്ക് കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ഐ.ടി. സംവിധാനങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുകയും ചെയ്തതായി സമിതി മനസ്സിലാക്കുന്നു.

16) 4752 സ്കൂളുകളിൽ ഹൈടെക്ക് സ്കൂൾ പദ്ധതിയും 11257 സ്കൂളുകളിൽ ഹൈടെക്ക് ലാബ് പദ്ധതിയും ഉൾപ്പെടെ സംസ്ഥാനത്തെ 16009 സ്കൂളുകളിൽ 119051 ലാപ്ടോപ്പ്, 69955 പ്രൊജക്ടർ, 43250 പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ്, 23098 സ്ക്രീൻ, 4545 നാൽപ്പത്തി മൂന്ന് ഇഞ്ച് ഫുൾ എച്ച്.ഡി. എൽ.ഇ.ഡി. ടെലിവിഷൻ, 4609 മൾട്ടിഫങ്ഷൻ പ്രിന്റർ, 4578 ഡി.എസ്.എൽ.ആർ. ക്യാമറ, 4720 ഫുൾ എച്ച്.ഡി. വെബ് ക്യാം, 100439 യു.എസ്.ബി.

സ്പീക്കർ എന്നിവയാണ് വിതരണം ചെയ്തത് എന്നും സമിതി മനസ്സിലാക്കുന്നു. കൂടാതെ കോവിഡ് കാലയളവിൽ ഡിജിറ്റൽ വിടവില്ലാതെ എല്ലാ വിഭാഗം കുട്ടികൾക്കും സാങ്കേതിക വിദ്യയുടെ പ്രയോജനം ലഭ്യമാക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് വിദ്യാകിരണം എന്ന പേരിൽ പ്രത്യേക പദ്ധതി ആവിഷ്കരിക്കുകയും 47773 കുട്ടികൾക്ക് ലാപ്ടോപ്പ് ലഭ്യമാക്കുകയും ചെയ്തതായും ഡിജിറ്റൽ ഉപകരണങ്ങളില്ലാതിരുന്ന കുട്ടികൾക്ക് ഹൈടെക്ക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ ലഭ്യമാക്കിയ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനും സൗകര്യം ഒരുക്കിയിരുന്നതായും 45000 സെക്കന്ററി, ഹയർ സെക്കന്ററി ക്ലാസുകളിൽ ഐ.ടി. ഉപകരണങ്ങളും സൗകര്യങ്ങളും ലഭ്യമാക്കിക്കൊണ്ട് ഹൈടെക്ക് ക്ലാസുകൾ സജ്ജമാക്കിയതായും അനുവദിച്ച തുക മുഴുവൻ ഇതിനായി ചെലവഴിച്ചതായും ലഭ്യമായ രേഖകളിൽ നിന്നും സമിതിയ്ക്ക് ബോദ്ധ്യപ്പെട്ടു.

17) ഹയർസെക്കന്ററി തലത്തിൽ കമ്പ്യൂട്ടർ/ഐ.ടി. പഠനത്തിനായി പ്രത്യേക അധ്യാപകരും പ്രത്യേക തസ്തികയും നിലവിലുണ്ട്. എന്നാൽ ഒന്നു മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിൽ നിലവിലുള്ള അധ്യാപകർക്ക് നിരന്തര പരിശീലനം നൽകിയാണ് ഐ.ടി. പഠനവും ഐ.സി.ടി. അധിഷ്ഠിത പഠനവും പ്രാവർത്തികമാക്കുന്നത് എന്ന് സമിതി മനസ്സിലാക്കുന്നു. **ആയതിനാൽ, സെക്കന്ററി തലത്തിൽ ഐ.ടി. അധ്യാപകരുടെ സ്ഥിരം തസ്തിക സൃഷ്ടിക്കുവാൻ കഴിയുമോ എന്നത് സംബന്ധിച്ച് പരിശോധിച്ച് ആയതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശചെയ്യുന്നു.**

18) കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിൽ ഫണ്ട് വിഹിതം വഹിച്ചുകൊണ്ട് സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ള ഒരു പദ്ധതിയാണ് സ്കൂൾ ഉച്ചഭക്ഷണ പദ്ധതി. കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് ഉച്ചഭക്ഷണ പദ്ധതിക്കായുള്ള തുക അനുവദിക്കുന്നത്. 150 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ കുട്ടിയൊന്നിന് പ്രതിദിനം 8 രൂപ വീതവും, 151 മുതൽ 500 വരെ കുട്ടികളുള്ള സ്കൂളുകളിൽ കുട്ടിയൊന്നിന് പ്രതിദിനം 7 രൂപ വീതവും, 500-ന് മുകളിൽ കുട്ടിയൊന്നിന് പ്രതിദിനം 6 രൂപ വീതവുമാണ് അനുവദിക്കുന്നത്. പച്ചക്കറി, പലവ്യഞ്ജനം, പാചകവാതകം മുതലായവ വാങ്ങുന്നതിനും സപ്ലിമെന്ററി ന്യൂട്രീഷന്റെ ഭാഗമായി കുട്ടികൾക്ക് നൽകുന്ന പാൽ, മുട്ട, നേന്ത്രപ്പഴം എന്നിവയുടെ ചെലവുകൾക്കുമാണ് മേൽ പ്രകാരം മെറ്റീരിയൽ കോസ്റ്റ് അനുവദിക്കുന്നത് എന്ന് സമിതി വിലയിരുത്തുന്നു.

19) 2022 ഒക്ടോബർ 1 മുതൽ മെറ്റീരിയൽ കോസ്റ്റ് (പാചക ചെലവ്) നിരക്കിൽ കേന്ദ്ര ഗവൺമെന്റ് 9.6% വർദ്ധനവ് വരുത്തിയിട്ടുണ്ട്. എന്നാൽ **പ്രസ്തുത നിരക്കിന് ആനുപാതികമായുള്ള തുക സംസ്ഥാനത്ത് വർദ്ധിപ്പിച്ചിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മെറ്റീരിയൽ കോസ്റ്റ് നിരക്കിൽ കേന്ദ്ര ഗവൺമെന്റ് വരുത്തിയ വർദ്ധനവിന് ആനുപാതികമായിട്ടുള്ള തുക സംസ്ഥാനത്ത് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

20. സംസ്ഥാനത്തെ സ്കൂളുകളിൽ യൂണിഫോം വിതരണം രണ്ടു തരത്തിലാണ് നടപ്പിലാക്കി വരുന്നത്. സ്റ്റാൻഡ്എലോൺ എൽ.പി., യു.പി. സർക്കാർ സ്കൂളുകളിലും എൽ. പി. വിഭാഗം എയ്ഡഡ് സ്കൂളുകളിലും സർക്കാർ സൗജന്യമായി കൈത്തറി യൂണിഫോം വിതരണം ചെയ്തു വരുന്നു. കൈത്തറി യൂണിഫോം നൽകാത്ത ഹൈസ്കൂളുകളിൽ ഉൾപ്പെടുന്ന എ.പി.എൽ. വിഭാഗം ആൺകുട്ടികൾക്കും എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 8 വരെയുള്ള എല്ലാ കുട്ടികൾക്കും തയ്യൽക്കൂലി അടക്കം 600 രൂപ നിരക്കിൽ അലവൻസ് നല്കുന്നതായും കൈത്തറി യൂണിഫോം സ്കൂളുകളിൽ നേരിട്ടാണ് വിതരണം നടത്തുന്നതെന്നും യൂണിഫോം അലവൻസായി നൽകുന്ന തുക അലോട്ട്മെന്റ് വഴി സ്കൂൾ പ്രഥമാധ്യാപകർക്ക് ലഭ്യമാക്കുന്നുമുണ്ടെന്നും സമിതി വിലയിരുത്തുന്നു. സൗജന്യ യൂണിഫോം പദ്ധതിയ്ക്കായി ആരംഭഘട്ടം മുതൽ ഇതു വരെ അനുവദിച്ചു നൽകിയിട്ടുള്ള 469 കോടി രൂപയിൽ നിന്നും 284 കോടി രൂപ നെയ്ത്തുകാർക്ക് കൂലിയിനത്തിൽ വിതരണം ചെയ്യുന്നതിന് സാധിച്ചിട്ടുണ്ടെങ്കിലും ഇനിയും കുടിശ്ശിക നൽകാനുണ്ടെന്നുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സൗജന്യ യൂണിഫോം പദ്ധതിക്കായി **കൈത്തറി തുണി ലഭ്യമാക്കിയ വകയിൽ കൂലി ഇനത്തിൽ നെയ്ത്തുകാർക്ക് നൽകുവാനുള്ള കുടിശ്ശിക തുക അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

21) സാക്ഷരതാമിഷന്റെ വിദ്യാകേന്ദ്രങ്ങൾ വഴി 2020 മുതൽ 2,40,724 പേർക്ക് തുടർവിദ്യാഭ്യാസം നൽകുന്നുണ്ട്. അതിന്റെ വിശദവിവരം താഴെപ്പറയും പ്രകാരമാണ്.

| | **2020** | **2021** | **2022** |
|---|---|---|---|
| സാക്ഷരത | 24319 | 7974 | 10571 |
| നാലാംതരം | 19762 | 8081 | 9794 |
| ഏഴാംതരം | 11968 | 5870 | 4820 |
| പത്താംതരം | 21946 | 18610 | 25698 |
| ഹയർ സെക്കന്ററി | 24131 | 20350 | 26830 |
| ആകെ | 102126 | 60885 | 77713 |

22) 7-1-2017-ലെ ജി.ഒ. (ആർ.റ്റി) നം. 27/2017/പൊവിവ നമ്പർ ഉത്തരവ് പ്രകാരം വികസന വിദ്യാകേന്ദ്രം പ്രേരകിന് പ്രതിദിനം 500 രൂപ (പ്രതിമാസം 15,000 രൂപ), വികസന വിദ്യാകേന്ദ്രം അസിസ്റ്റന്റ് പ്രേരകിനും തുടർവിദ്യാകേന്ദ്രം പ്രേരകിനും പ്രതിദിനം 400 രൂപ (പ്രതിമാസം 12,000 രൂപ), തുടർവിദ്യാകേന്ദ്രം അസിസ്റ്റന്റ് പ്രേരകിന് പ്രതിദിനം 350 രൂപ (പ്രതിമാസം 10,500 രൂപ) എന്ന നിരക്കിൽ ദിവസവേതനാടിസ്ഥാനത്തിൽ ഓണറേറിയം നൽകി വരുന്നതായി സമിതി വിലയിരുത്തുന്നു. എന്നാൽ പ്രേരക്മാരുടെ പുനർവിന്യാസം സംബന്ധിച്ച് തർക്കങ്ങൾ നിലനിൽക്കുന്നതായും അതുമൂലം നാലാംതരം, ഏഴാംതരം തുല്യതാ പരീക്ഷകൾ സമയബന്ധിതമായി നടത്താൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതായും സമിതി മനസ്സിലാക്കുന്നു. **പ്രേരകുമാരുടെ തസ്തിക പുനർവിന്യാസം നടപ്പാക്കുന്നത് സംബന്ധിച്ചും വേതന കുടിശ്ശിക നൽകുന്നത് സംബന്ധിച്ചുമുള്ള അവ്യക്തത നീക്കം ചെയ്യുന്നതിനും തുല്യതാപരീക്ഷകൾ സമയബന്ധിതമായി നടത്തുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

23) പഠന പ്രവർത്തനങ്ങൾ ക്ലാസ് മുറികളിൽ മാത്രം ഒതുങ്ങാതെ, വിദ്യാലയത്തിന് ചുറ്റുമുള്ള ജൈവവൈവിധ്യത്തെക്കുറിച്ച് അറിയുന്നതിനും സംരക്ഷിക്കുന്നതിനും വിദ്യാർത്ഥികളിൽ താൽപ്പര്യം വളർത്തുക, പ്രകൃതി വിഭവ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം ജനിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ജൈവവൈവിധ്യ ഉദ്യാനം എന്ന പദ്ധതി ആരംഭിച്ചിരിക്കുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ **വിവിധ തരത്തിലുള്ള സസ്യജാലങ്ങൾ, പക്ഷിമൃഗാദികൾ അവ ജീവിക്കുന്ന ചുറ്റുപാടുകൾ എന്നിവ സംബന്ധിച്ച അറിവ് സമ്പാദിക്കുന്നതിനും ജൈവ വൈവിധ്യത്തിന്റെ ആവശ്യകതയെക്കുറിച്ചും ജൈവവൈവിധ്യ സംരക്ഷണത്തിന്റെ പ്രസക്തിയെക്കുറിച്ചും കുട്ടികളിൽ അവബോധം സൃഷ്ടിക്കുവാനും ജൈവവൈവിധ്യ ഉദ്യാനം എല്ലാ സ്കൂളുകളിലും സജ്ജമാക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

24) ഓട്ടിസം ബാധിച്ച കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കും പിന്തുണ നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിരിക്കുന്ന പദ്ധതിയാണ് 'ഓട്ടിസം പാർക്ക് '. ഓട്ടിസം ബാധിച്ച കുട്ടികളെ പൊതുസമൂഹവുമായി ബന്ധപ്പെടുത്തുക, പൊതുവിഭാഗത്തിന് മുന്നിൽ ഇത്തരത്തിലുള്ള കുട്ടികളെ പരിചയപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. സംസ്ഥാനത്ത് ഏഴ് ജില്ലകളിലായി എട്ട് ഓട്ടിസം പാർക്കുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി പ്രകാരം കണ്ണൂർ, കോട്ടയം ജില്ലകളിൽ നിർമ്മാണ പ്രവർത്തനം പൂർത്തീകരണ ഘട്ടത്തിലാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, **പ്രസ്തുത പദ്ധതിപ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾക്കായി അനുമതി ലഭിച്ചതും നിർമ്മാണ**

**പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതുമായ എല്ലാ ഓട്ടിസം പാർക്കുകളുടെയും പണി അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

25) നിലവിലുള്ള സ്കൂൾ പാഠ്യപദ്ധതിയിൽ കല-കായിക-ആരോഗ്യ പഠനത്തിന് പ്രാധാന്യം നൽകുന്നുണ്ട്. പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് ആരോഗ്യ കായിക പഠനം പ്രൈമറി മുതൽ ഉദ്ഗ്രഥിതമായും യു. പി., എച്ച്. എസ്., ക്ലാസുകളിൽ സ്വതന്ത്രമായും എന്ന രീതിയിൽ നടന്നു വരുന്നതായും 5 മുതൽ 10 വരെ ക്ലാസുകളിലേക്ക് ടീച്ചർ ടെക്സ്റ്റ് ആക്ടിവിറ്റി ബുക്കുകൾ എന്നിവ തയ്യാറാക്കി വിതരണം ചെയ്തിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. ലോകത്ത് വർദ്ധിച്ചുവരുന്ന ജീവിതശൈലി രോഗങ്ങളുടെ പശ്ചാത്തലത്തിൽ അതിന്റെ പ്രതിരോധ മാർഗ്ഗമായി സ്കൂൾ തലം മുതൽ ആരോഗ്യ-കായിക വിദ്യാഭ്യാസത്തിന് അതീവ പ്രാധാന്യം നൽകുവാനും കായിക വിദ്യാഭ്യാസത്തിലൂടെ ആരോഗ്യം എന്ന ദീർഘകാല ലക്ഷ്യത്തിന് കൂടുതൽ കരുത്ത് പകരുന്ന രീതിയിലുള്ള കൃത്യമായ ഇടപെടൽ പാഠ്യപദ്ധതിയുടെ ഭാഗമായി ഉണ്ടാകുമെന്നും സമിതി കരുതുന്നു. പ്രത്യേക കായിക ഇനങ്ങളുമായി ബന്ധപ്പെട്ട പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നത് കായിക യുവജന കാര്യാലയത്തിന്റെ നേതൃത്വത്തിലാണെന്നും കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിലെ വിദഗ്ദ്ധരായ നീന്തൽ പരിശീലകരുടെ സേവനം പ്രയോജനപ്പെടുത്തിയാണ് നീന്തൽ പഠനത്തിനായുള്ള പാഠ്യഭാഗങ്ങൾ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയതെന്നും നിലവിൽ സ്കൂളുകളിൽ നീന്തൽ പഠനം ആരംഭിച്ചിട്ടില്ല എന്നും സമിതി മനസ്സിലാക്കുന്നു.

26) പഠനനിലവാരത്തിൽ സർക്കാർ സ്കൂളുകൾ വളരെ മുന്നിലാണെങ്കിലും കായികപരമായി സ്കൂളുകളുടെ പങ്കാളിത്തം കുറവായിട്ടാണ് സമിതി കാണുന്നത്. സ്കൂളുകളിൽ കായികാധ്യാപകനെ നിയമിക്കുന്നത് കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം XXIII ചട്ടം 6(A) പ്രകാരമാണ്. യു.പി. സ്കൂളുകളിൽ 500 കുട്ടികളുണ്ടെങ്കിൽ ഒരു കായികാധ്യാപകനെ നിയമിക്കാൻ കഴിയും. ഹൈസ്കൂളുകളിൽ പീരിയഡ് അടിസ്ഥാനമാക്കിയാണ് നിലവിൽ കായികാധ്യാപക തസ്തിക നിർണ്ണയിക്കുന്നത്. അതുപ്രകാരം **കുട്ടികൾ കുറവുള്ള സ്കൂളുകളിൽ കായികാധ്യാപക തസ്തിക ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടെന്നും അതിനാൽ തന്നെ കുട്ടികൾക്ക് കായിക വിദ്യാഭ്യാസം ലഭിക്കുന്നില്ലെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പ്രസ്തുത സാഹചര്യം മറികടക്കുവാൻ കഴിയുമോ എന്നു പരിശോധിച്ച് ആയത് നടപ്പിൽ വരുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

27) 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്' പദ്ധതിയുമായി സഹകരിച്ച് സ്കൂളുകളിൽ നടത്തുന്ന യോഗങ്ങളിൽ പ്ലാസ്റ്റിക് കുപ്പികൾ, പ്ലാസ്റ്റിക് ക്യാരിബാഗ്, പ്ലാസ്റ്റിക് കോട്ടിംഗ് ഉള്ള കപ്പുകൾ എന്നിവ ഒഴിവാക്കി പകരം സ്റ്റീൽ കപ്പ്, കുപ്പി ഗ്ലാസ് എന്നിവ ഉപയോഗിക്കുന്നുണ്ടെന്നും സ്കൂളുകളിൽ സംഘടിപ്പിക്കുന്ന പൊതു പരിപാടികളിൽ പ്ലാസ്റ്റിക് കുപ്പികളിൽ നിറച്ച വെള്ളത്തിനു പകരം പ്യൂരിഫയറുകളിൽ ശുദ്ധീകരിച്ച വെള്ളമോ, തിളപ്പിച്ചാറിയ വെള്ളമോ കുടിക്കാനായി വിതരണം ചെയ്യുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. അതിഥികളുടെ പങ്കാളിത്തമുള്ള പരിപാടികളിൽ അവരെ സ്വീകരിക്കുന്ന വേളയിൽ പ്ലാസ്റ്റിക് റാപ്പറുകളിൽ പൊതിഞ്ഞ ബൊക്കെകൾ ഒഴിവാക്കി തണ്ടോടു കൂടിയ പൂവോ, ചെറിയ പൂച്ചെണ്ടോ നൽകുന്നുണ്ടെന്നും സ്കൂൾ പരിസരത്തെ പ്ലാസ്റ്റിക്, മറ്റു മാലിന്യങ്ങൾ എന്നിവ അധ്യാപകരുടെയും മറ്റ് ജീവനക്കാരുടെയും, വിദ്യാർത്ഥികളുടെയും സഹകരണത്തോടെ ശാസ്ത്രീയമായി സംസ്കരിക്കുന്നുണ്ടെന്നും സമിതിയ്ക്ക് ബോദ്ധ്യപ്പെട്ടു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ വിഘാതം കൂടാതെ തുടർന്നുകൊണ്ടു പോകുന്നതിൽ വകുപ്പ് ശ്രദ്ധ ചെലുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

28) കുട്ടികൾക്കിടയിൽ ലഹരി ഉപയോഗം ഉയർന്ന് വരുന്നതായി സമിതി മനസ്സിലാക്കുന്നു. സ്കൂൾ പരിസരങ്ങളിൽ ഇവ ആവശ്യത്തിന് ലഭിക്കുന്നുണ്ട് എന്ന വസ്തുതയും സമിതി മനസ്സിലാക്കുന്നു. കുട്ടികൾ തന്നെ ഇത് ഒഴിവാക്കാൻ മുന്നിട്ട് ഇറങ്ങണം. 'ലഹരി വിരുദ്ധ ക്യാമ്പസ്' എന്ന പദ്ധതി ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി വിവിധ പരിപാടികൾ സ്കൂളുകളിൽ നടപ്പാക്കി വരുന്നതായും സ്കൂൾ പി.ടി.എ. പ്രസിഡന്റ് അധ്യക്ഷനായും പ്രധാനാധ്യാപകൻ കൺവീനറായും ജനജാഗ്രതാ കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. എന്നിരുന്നാലും കുട്ടികൾക്കിടയിൽ ലഹരി ഉപയോഗം വ്യാപകമായി നടക്കുന്നുണ്ട്. **എല്ലാ അധ്യാപകർക്കും, രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും ലഹരിവിരുദ്ധ ബോധവത്ക്കരണക്ലാസുകൾ സംഘടിപ്പിക്കുകയും സ്കൂൾതലത്തിൽ ലഹരിവിരുദ്ധ പ്രവർത്തനത്തിന്റെ ഭാഗമായി മോട്ടിവേഷൻ സ്പീച്ചുകൾ കൂടുതൽ കാര്യക്ഷമമായി നടത്തുകയും ചെയ്യണമെന്നും സ്കൂൾ പരിസരങ്ങളിൽ ലഹരി ഉത്പന്നങ്ങൾ വിൽക്കുന്നില്ല എന്ന് ജനജാഗ്രതാ സമിതി ഉറപ്പാക്കണമെന്നും ഇത്തരത്തിൽ എന്തെങ്കിലും പ്രവൃത്തികൾ ശ്രദ്ധയിൽപ്പെട്ടാൽ എക്സൈസ് വകുപ്പിനെ അടിയന്തരമായി വിവരം അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

29) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ് അധ്യയന വർഷത്തിന്റെ ആരംഭമാസങ്ങളിൽ വിതരണം ചെയ്യുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. എൽ.പി. വിഭാഗത്തിന് 750 രൂപയും യു. പി. വിഭാഗത്തിന് 900 രൂപയും ഹൈസ്കൂൾ വിഭാഗത്തിന് 1000 രൂപ വരെയുമാണ് ഗ്രാന്റ് നൽകുന്നത്. 61600 വിദ്യാർത്ഥികൾക്ക് നിലവിൽ ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു.

30) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ഇംഗ്ലീഷ് പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി 'ഇംഗ്ലീഷ് എൻറിച്ച്മെന്റ് പ്രോഗ്രാം' പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിലും "ഹലോ ഇംഗ്ലീഷ്, ഹലോ വേൾഡ്" പ്രോഗ്രാമുകൾ സമഗ്രശിക്ഷ കേരളയുടെ നേതൃത്വത്തിലും നടപ്പാക്കിവരുന്നതായി സമിതി മനസ്സിലാക്കുന്നു.

31) 8, 9, 10 ക്ലാസുകൾ ഓരോ ഡിവിഷൻ മാത്രമുള്ള സ്കൂളുകളിൽ എച്ച്.എസ്.റ്റി. ഇംഗ്ലീഷ് അധ്യാപക തസ്തിക അനുവദിക്കാറില്ലെന്നും. ഇത്തരം സ്കൂളുകളിൽ മറ്റ് കോർ വിഷയങ്ങളുടെ (സോഷ്യൽ സയൻസ്, നാച്ചുറൽ സയൻസ്, ഫിസിക്കൽ സയൻസ്, കണക്ക്) അധ്യാപകരാണ് ഇംഗ്ലീഷ് വിഷയം കൈകാര്യം ചെയ്യുന്നതെന്നും സമിതി മനസ്സിലാക്കുന്നു. എല്ലാ സ്കൂളുകളിലും ഇംഗ്ലീഷ് ഒരു ഭാഷാ വിഷയമായി കണക്കാക്കി തസ്തിക നിർണ്ണയം നടത്തുന്നതിനും, അതുപ്രകാരം തസ്തിക അനുവദിക്കാനും സർക്കാർ നിശ്ചയിച്ചിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ **2023-2024 അധ്യയനവർഷം തന്നെ തസ്തിക നിർണ്ണയം നടത്തി ഇംഗ്ലീഷ് അധ്യാപകരില്ലാത്ത വിദ്യാലയങ്ങളിൽ തസ്തിക സൃഷ്ടിച്ച് അധ്യാപകരെ നിയമിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

32) ഡയറ്റുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി കഴിഞ്ഞ 3 സാമ്പത്തിക വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ വിശദാംശം താഴെപ്പറയും പ്രകാരമാണ്.

(തുക ലക്ഷത്തിൽ)

| വർഷം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക |
|---|---|---|
| 2020-21 | 3000 | 2226.96 |
| 2021-22 | 3000 | 3167.68 |
| 2022-23 | 4909.72 | 1316.90 |

33) 2020-21 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുകയുടെ മുക്കാൽ ഭാഗത്തോളവും 2021-22-ൽ അനുവദിച്ച തുകയേക്കാൾ കൂടുതലും വകുപ്പ് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുകയുടെ കാൽഭാഗത്തോളം മാത്രമാണ് ഡയറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ചെലവഴിച്ചിട്ടുള്ളതെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഡയറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി

2022-23 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കാത്തത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്നും  അനുവദിക്കുന്ന തുക മുഴുവൻ പ്രസ്തുത പദ്ധതിക്കായി തന്നെ ചെലവഴിക്കാൻ ശ്രദ്ധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

34) വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം വർധിച്ചുവരുന്നതോടൊപ്പം  വർദ്ധനവിന് ആനുപാതികമായി എല്ലാ സ്കൂളുകളിലും ശുചിമുറികളുടെ എണ്ണവും കൂട്ടേണ്ടതായിട്ടുണ്ടെന്ന് സമിതി കരുതുന്നു. ആയതിനാൽ **ശുചിമുറികളുടെ എണ്ണം കൂട്ടേണ്ടതായി വരുന്ന സ്കൂളുകളുടെ എണ്ണം കണ്ടെത്തി  പുതിയ ശുചിമുറികളുടെ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുന്നതിനും അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് അവ നടപ്പിലാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, ശുചിമുറികളിൽ നാപ്കിൻ വെന്റിംഗ് മെഷീനും, ഇൻസിനറേറ്റർ മെഷീനും സ്ഥാപിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാനും ഇതിനായി ബഡ്ജറ്റിൽ അധികമായി തുക വകയിരുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന്  സമിതി ശിപാർശ ചെയ്യുന്നു.**

35) ഹയർസെക്കന്ററി വിദ്യാഭ്യാസത്തിന്റെ കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷത്തിന്റെ ബഡ്ജറ്റ് വിഹിതവിനിയോഗം സംബന്ധിച്ച വിശദാംശം താഴെപ്പറയും പ്രകാരമാണ്.

(തുക ലക്ഷത്തിൽ)

| വർഷം | ബഡ്ജറ്റ് വിഹിതം | ചെലവഴിച്ച തുക |
|---|---|---|
| 2020-21 | 9450 | 8690.96 |
| 2021-22 | 9741 | 8649.64 |
| 2022-23 | 10195 | 8709.97 |

കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുകയുടെ ഏറിയ പങ്കും ചെലവഴിച്ചിട്ടുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു.

36) സംസ്ഥാനത്തെ ഓരോ പ്രദേശത്തെയും വിദ്യാഭ്യാസ ആവശ്യകത കണക്കിലെടുത്തും മുൻ വർഷങ്ങളിൽ പ്ലസ് വൺ പ്രവേശന അപേക്ഷകളുടെ എണ്ണം കണക്കാക്കിയും പ്രാദേശികമായാണ് താത്കാലിക അധിക ബാച്ചുകൾ അനുവദിക്കുന്നതെന്ന് സമിതി കരുതുന്നു. മേഖല ഉപമേധാവിയുടെയും ജില്ലാ  കോ-ഓർഡിനേറ്റർമാരുടെയും ശിപാർശയുടെ അടിസ്ഥാനത്തിലാണ് താൽക്കാലിക അധിക ബാച്ചുകൾക്കായുള്ള ലിസ്റ്റ് സർക്കാരിൽ സമർപ്പിക്കാറുള്ളത്.  അധിക ബാച്ചിനായി  ശിപാർശ ചെയ്യാത്ത വിദ്യാലയങ്ങളിൽ

അധിക ബാച്ച് അനുവദിക്കാറില്ലെന്നും പരാതികൾ ലഭ്യമാകുന്ന പക്ഷം ഇത്തരത്തിൽ പരാതികൾ കൈകാര്യം ചെയ്യുന്നതിനായി രൂപീകരിച്ചിട്ടുള്ള ബാച്ച് റീഫിക്സേഷൻ കമ്മിറ്റി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കുമെന്നും സമിതി മനസ്സിലാക്കുന്നു.

37) 2020-21, 2021-22, 2022-23 അധ്യയന വർഷങ്ങളിൽ ഹയർ സെക്കന്ററി ഒന്നാം വർഷത്തെ പ്രവേശനത്തിന് പരിഗണിച്ച ആകെ സീറ്റുകളിൽ 35777, 46993, 45071 എന്നിങ്ങനെ സീറ്റുകൾ യഥാക്രമം ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ 2020-21, 2021-22, 2022-23 അധ്യയന വർഷങ്ങളിൽ പ്രവേശനത്തിന് പരിഗണിച്ച ആകെ സീറ്റുകളിൽ 2304, 4333, 3916 എന്നിങ്ങനെ സീറ്റുകൾ യഥാക്രമം ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും ലഭ്യമായ രേഖകളിൽ നിന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ **ഒഴിഞ്ഞുകിടക്കുന്ന ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി പ്ലസ് വൺ സീറ്റുകൾ ആവശ്യക്കാർ ഏറെയുള്ള പ്രദേശങ്ങളിലേക്ക് പുനഃക്രമീകരണം നടത്തുവാൻ കഴിയുമോ എന്നതിന്റെ സാധ്യത പരിശോധിച്ച് ആയതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

38) 2018-19 വർഷം മുതൽ സംസ്ഥാനത്തെ വി.എച്ച്.എസ്.ഇ. സ്കൂളുകളിൽ ദേശീയ നൈപുണ്യയോഗ്യതാ ചട്ടക്കൂട് (NSQF) അധിഷ്ഠിതമായ ജോബ് റോളുകളാണ് തൊഴിൽ പരിശീലനത്തിന് ഉപയോഗിക്കുന്നതെന്നും 2020-21 അധ്യയന വർഷത്തോടെ മുഴുവൻ വി.എച്ച്.എസ്.ഇ. ബാച്ചുകളും പൂർണ്ണമായും NSQF കോഴ്സുകളിലേക്ക് മാറ്റപ്പെടുകയുണ്ടായെന്നും സമിതി നിരീക്ഷിക്കുന്നു.

39) കാലഘട്ടത്തിനനുസൃതമായി വൊക്കേഷണൽ കോഴ്സുകൾ പുതുക്കുന്നതിനുള്ള സംവിധാനം നാഷണൽ ക്വാളിഫിക്കേഷൻ രജിസ്ട്രിയിൽ തന്നെ ഉൾക്കൊള്ളിച്ചിട്ടുള്ളതിനാൽ മാറുന്ന സാങ്കേതിക വിദ്യയ്ക്കും ആധുനിക തൊഴിൽ മേഖലകളിലെ മാറ്റങ്ങൾക്കും അനുസരിച്ച് കോഴ്സുകളിൽ മാറ്റം വരുത്തുന്നതിന് ഒരു സ്ഥിരം സംവിധാനം നിലവിലുള്ളതായി സമിതി വിലയിരുത്തുന്നു. സംസ്ഥാനത്തെ വി.എച്ച്.എസ്.ഇ. സ്കൂളുകളിൽ ഓരോ വർഷവും ഓഫർ ചെയ്യപ്പെടുന്ന NSQF കോഴ്സുകൾ തീരുമാനിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ ഒരു കോഴ്സ് നിർണ്ണയ സമിതി രൂപീകരിച്ചിട്ടുള്ളതായും സമിതി ഓരോ അധ്യയന വർഷാരംഭത്തിലും അടുത്ത വർഷത്തേക്കുള്ള കോഴ്സുകൾ തീരുമാനിക്കുകയും പ്രവേശന കാര്യപത്രിക വഴിയും പത്രമാധ്യമങ്ങൾ വഴിയും പൊതുജനങ്ങളെ അറിയിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. എന്നിരുന്നാലും കാലഘട്ടത്തിനനുസൃതമായിട്ടുള്ള വൊക്കേഷണൽ കോഴ്സുകളെ സംബന്ധിച്ച അവബോധം കുട്ടികളിലും രക്ഷിതാക്കളിലും എത്തിക്കേണ്ടതിന്റെ ആവശ്യകതയുള്ളതായി സമിതി കരുതുന്നു. ആയതിനാൽ, **ഓരോ**

**വർഷാരംഭത്തിലും ഒന്നാം വർഷ പ്രവേശനത്തിനു മുൻപായി വൊക്കേഷണൽ ഹയർ സെക്കന്ററി കരിയർ ഗൈഡൻസ് സംവിധാനത്തിന്റെ ഭാഗമായി ഓരോ സ്കൂളിലെയും വൊക്കേഷണൽ കോഴ്സുകളുടെ പഠന വിഷയങ്ങൾ, തൊഴിൽ സ്വയം സംരംഭക സാധ്യതകൾ, ഉപരിപഠന സാധ്യതകൾ തുടങ്ങിയ കാര്യങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ശില്പശാലകൾ സംഘടിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

40) 2008-ൽ തിരുവനന്തപുരത്താണ് ആദ്യത്തെ സംസ്ഥാന സാക്ഷരതാ കലോത്സവം നടന്നത്. എല്ലാ വർഷവും തുടർ വിദ്യാഭ്യാസ കലോത്സവം നടത്താൻ കഴിഞ്ഞിട്ടില്ല. വിവിധ വർഷങ്ങളിലായി 9 തുടർ വിദ്യാഭ്യാസ കലോത്സവങ്ങൾ സംഘടിപ്പിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. അവസാനമായി 2020-ൽ തിരുവനന്തപുരത്ത് വെച്ചാണ് 9-ാമത് കലോത്സവം സംഘടിപ്പിച്ചത്. പിന്നീട് കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ തുടർവിദ്യാഭ്യാസ കലോത്സവം സംഘടിപ്പിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ **തുടർ വിദ്യാഭ്യാസ കലോത്സവം പുനഃസ്ഥാപിക്കുവാനും ആയതിനായി ബഡ്ജറ്റിൽ അധിക തുക അനുവദിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

41) വയനാട് ജില്ലയിലെ ആദിവാസി മേഖലയെ സമ്പൂർണ്ണ സാക്ഷരതയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് വയനാട് ആദിവാസി സാക്ഷരതാ പദ്ധതിയെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ വിവിധ സർക്കാർ, സർക്കാരിതര ഏജൻസികളുടെയും സാമൂഹ്യ-സന്നദ്ധ പ്രവർത്തകരുടെയും സഹകരണത്തോടെ നടപ്പാക്കിയ ഈ പദ്ധതി പ്രകാരം 2021 വരെ മൂന്ന് ഘട്ടങ്ങളിലൂടെ ആദിവാസി മേഖലയിലെ 20260 പേരെ സാക്ഷരരാക്കിയെന്നും 2022-23-ലെ പ്രവർത്തനങ്ങൾക്കായി 3,00,000 രൂപ ജില്ലയ്ക്ക് അനുവദിച്ചിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. സമാനരീതിയിൽ തന്നെ പാലക്കാട് ജില്ലയിലെ അട്ടപ്പാടി ആദിവാസി മേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി സമ്പൂർണ്ണ സാക്ഷരതയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് അട്ടപ്പാടി ആദിവാസി സാക്ഷരതാ പദ്ധതി. ഇതിലൂടെ 5363 പേരെ സാക്ഷരരാക്കി. 2022-23-ലെ പ്രവർത്തനങ്ങൾക്കായി ₹2,00,000 ജില്ലയ്ക്ക് അനുവദിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ **പ്രസ്തുത രണ്ട് പദ്ധതികളും അവ വിഭാവനം ചെയ്ത ലക്ഷ്യത്തിൽ എത്തിക്കുന്നതിനായുള്ള തുടർപ്രവർത്തനങ്ങൾ വകുപ്പിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

42) പൊതുവിദ്യാഭ്യാസ വകുപ്പ് വഴി വിതരണം ചെയ്യുന്ന സ്റ്റേറ്റ് ഗവൺമെന്റ് സ്കോളർഷിപ്പുകളാണ് എൽ.എസ്.എസ്./യു.എസ്.എസ്. സ്കോളർഷിപ്പുകൾ, മുസ്ലീം/നാടാർ/ ആംഗ്ലോ ഇൻഡ്യൻ/ മറ്റു പിന്നോക്ക/മുന്നോക്ക വിഭാഗത്തിലെ പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ് എന്നിവ.

43) സംസ്ഥാനത്തു സ്കൂൾ വിദ്യാർത്ഥികൾക്കുള്ള എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പുകളുടെ വിതരണത്തിൽ വൻ കുടിശ്ശികയുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. 2018-19 അധ്യായനവർഷം മുതലാണ് സ്കോളർഷിപ്പുകളുടെ വിതരണത്തിൽ മുടക്കം വന്നതെന്ന് സമിതി കരുതുന്നു. സ്കോളർഷിപ്പ് വിതരണം ഓൺലൈൻ ആക്കുന്നതിലെ സാങ്കേതിക പ്രശ്നങ്ങൾ, തുക അനുവദിക്കുന്നതിലുണ്ടാകുന്ന കാലതാമസം എന്നിവയാണ് പ്രതിസന്ധിക്ക് കാരണമാകുന്നതെന്നും ഒട്ടനവധി വിദ്യാർത്ഥികൾക്ക് നേട്ടമായിരുന്ന പഠന പ്രോത്സാഹന പദ്ധതിയാണ് ഇതിലൂടെ ഫലം കാണാതെ പോകുന്നതെന്നും സമിതി നിരീക്ഷിക്കുന്നു. **ആയതിനാൽ എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പുകളുടെ തുക അനുവദിക്കുന്നതിലെ കാലതാമസം നീക്കി അടിയന്തരമായി സ്കോളർഷിപ്പ് തുകകൾ കുട്ടികൾക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ആയതിനായി ബഡ്ജറ്റിൽ പ്രത്യേകമായി തുക അനുവദിക്കുന്ന കാര്യം പരിഗണിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

44) സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ മുസ്ലീം, നാടാർ, ആംഗ്ലോ ഇൻഡ്യൻ, മറ്റു പിന്നോക്ക, മുന്നോക്ക വിഭാഗത്തിലെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. എൽ.പി./യു.പി. വിഭാഗം വിദ്യാർത്ഥിനികൾക്ക് 125 രൂപയും ഹൈസ്കൂൾ വിദ്യാർത്ഥിനികൾക്ക് 150 രൂപയുമാണ് ഒരു വർഷം നൽകി വരുന്നത്. നിലവിലെ ജീവിത നിലവാരവുമായി ബന്ധപ്പെട്ട് പരിശോധിക്കുമ്പോൾ ഈ തുക തുലോം കുറവാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ **മുസ്ലിം/നാടാർ/ ആംഗ്ലോ ഇന്ത്യൻ/മറ്റു പിന്നോക്ക/മുന്നോക്ക വിഭാഗത്തിലെ പെൺകുട്ടികൾക്ക് നൽകി വരുന്ന സ്കോളർഷിപ്പ് തുക കാലോചിതമായി പരിഷ്കരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

45) പൊതുവിദ്യാഭ്യാസ വകുപ്പ് വഴി കേന്ദ്ര സർക്കാർ സ്കോളർഷിപ്പുകളായ ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ്, നാഷണൽ മീൻസ് കം-മെരിറ്റ് സ്കോളർഷിപ്പ്, ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പ്രീ-മെട്രിക്ക് സ്കോളർഷിപ്പ്, ബീഗം ഹസ്രത്ത് മഹൽ നാഷണൽ സ്കോളർഷിപ്പ് എന്നിവയും വിതരണം ചെയ്യുന്നുണ്ടെന്നത് അഭിനന്ദനാർഹമാണ്.

46) പഠനപ്രവർത്തനങ്ങളുമായി സമന്വയിപ്പിക്കുന്നതിനും വിദ്യാഭ്യാസത്തെ ആധുനിക വത്ക്കരിക്കുന്നതിന് ആവശ്യമായ ധാരണയും പ്രയോഗ ശേഷിയും വികസിപ്പിക്കുന്നതിനും

ആവശ്യമായ പരിശീലന പ്രവർത്തനങ്ങൾ എസ്.സി.ഇ.ആർ.റ്റി.-യുടെ നേതൃത്വത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. സമഗ്ര വിദ്യാലയ ദർശനം മുന്നോട്ട് വെയ്ക്കാനും തൊഴിൽപരമായ മികവ് കൈവരിക്കാനും പുതിയ കാലത്തിന്റെ വെല്ലുവിളികൾ നേരിടുന്നതിനും വിദ്യാർത്ഥികളുടെ പഠന പ്രശ്നങ്ങളെ കണ്ടെത്തി പരിഹരിക്കുന്നതിനുമുള്ള ശേഷി ഉയർത്തുന്നതരത്തിൽ അധ്യാപകരെ ശാക്തീകരിക്കുന്നതിന് ആവശ്യമായ പരിശീലന പരിപാടികൾ കൃത്യമായ ഇടവേളകളിൽ വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ഏജൻസികളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചുവരുന്നു. പഠന നേട്ടങ്ങളോടൊപ്പം ജനാധിപത്യവും മാനവിക മൂല്യങ്ങളും വളരെ പ്രധാനമാണെന്ന ബോധ്യം അധ്യാപകരിൽ വികസിപ്പിക്കുന്നതിന് അധ്യാപകന്റെ മാനസികാരോഗ്യവും ജോലിയിലുള്ള സംതൃപ്തിയും ഉയർത്തുന്ന തരത്തിലാണ് അധ്യാപക പരിശീലനങ്ങളുടെ ഉള്ളടക്കം ചിട്ടപ്പെടുത്തിയിരിക്കുന്നതെന്നും അതത് കേന്ദ്രങ്ങളിൽ അധ്യാപകർ താമസിച്ച് നടത്തുന്ന ഇത്തരം പരിശീലന പരിപാടികൾ ഏറെ ഗുണകരമാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ **അധ്യാപകർക്കുള്ള പരിശീലന പരിപാടികൾ കൃത്യമായ ഇടവേളകളിൽ സംഘടിപ്പിക്കണമെന്നും ഇത്തരം പരിശീലന പരിപാടികൾക്ക് അനുവദിക്കുന്ന തുക മുഴുവൻ പ്രസ്തുത ആവശ്യത്തിനായി തന്നെ ചെലവഴിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

47) സ്കൂൾ കലോത്സവത്തിൽ സബ് ജില്ലയിൽ നിന്നും ജില്ലാതലത്തിലേയ്ക്ക് യോഗ്യത നേടുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് 10000 രൂപയുടെ ധനസഹായം നൽകി വരുന്നുമുണ്ട്. സംസ്ഥാന സ്കൂൾ കലോത്സവത്തിൽ 'എ' ഗ്രേഡ് ലഭിക്കുന്ന എല്ലാ കുട്ടികൾക്കും 1000 രൂപയുടെ ഒറ്റത്തവണ സ്കോളർഷിപ്പും സംസ്ഥാന ശാസ്ത്രോത്സവത്തിലും സംസ്ഥാന സ്കൂൾ കായിക മേളയിലും ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം ലഭിക്കുന്ന കുട്ടികൾക്ക് ക്യാഷ് അവാർഡും തുടർ വിദ്യാഭ്യാസത്തിനായി അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്കും നൽകുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. **വരും വർഷങ്ങളിലും യുവജനോത്സവം, ശാസ്ത്രമേള, കായികമേള എന്നിവയിൽ മികച്ച പ്രകടനം കാഴ്ചവെയ്ക്കുന്ന വിദ്യാർത്ഥികൾക്ക് ക്യാഷ്പ്രൈസും എസ്.എസ്.എൽ.സി., ടി.എച്ച്.എസ്.എൽ.സി., എ.എച്ച്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് തുടർ പഠനത്തിനായി ഗ്രേസ്മാർക്കും നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

48) 'കേരളത്തിലെ മുഴുവൻ നിരക്ഷരരെയും സാക്ഷരരാക്കുക' എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി 2012-ൽ ആരംഭിച്ച അക്ഷരലക്ഷം പദ്ധതിയും പ്രാഥമിക വിദ്യാഭ്യാസം നേടാൻ കഴിയാതെ പോയ 15-വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് നാലാം ക്ലാസ്സിന് തുല്യമായ വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ 2010-ൽ ആരംഭിച്ച അതുല്യം പദ്ധതിയും 2020-ന ശേഷം

നടപ്പാക്കിയിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ **അക്ഷരലക്ഷം, അതുല്യം പദ്ധതികൾ തുടർന്നും വകുപ്പിൽ പ്രാബല്യത്തിൽ വരുത്തണമെന്നും പ്രസ്തുത പദ്ധതികൾക്ക് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

49) ഇൻക്ലൂസീവ് എഡ്യൂക്കേഷൻ ഫോർ ഡിസേബിൾഡ് അറ്റ് സെക്കന്ററി സ്റ്റേജ് (IEDSS) എന്ന കേന്ദ്രസർക്കാർ പദ്ധതി ഇപ്പോൾ നിലവിലില്ലെന്നും ഇതിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ സർവ്വശിക്ഷാ കേരള (എസ്.എസ്.കെ.) വഴിയാണ് നടത്തുന്നതെന്നും സമിതി മനസ്സിലാക്കുന്നു. പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികൾക്ക് സാധാരണ കുട്ടികളോടൊപ്പം പൊതുവിദ്യാലയങ്ങളിൽ വിദ്യാഭ്യാസം നൽകുന്ന സമീപനമാണ് ഇൻക്ലൂസീവ് എഡ്യൂക്കേഷൻ. ഇതിന്റെ ഭാഗമായി വർഷാരംഭത്തിൽ തന്നെ ഭിന്നശേഷിക്കാരായ കുട്ടികൾക്കുവേണ്ടി മെഡിക്കൽ ക്യാമ്പ് നടത്തുകയും അവർക്ക് എന്തൊക്കെ ആവശ്യങ്ങളാണ് ഉള്ളതെന്ന് കണ്ടെത്തി അതിനനുസരിച്ചുള്ള സഹായങ്ങൾ നൽകുകയും ചെയ്യുന്നതായും സമിതി വിലയിരുത്തുന്നു. ഈ കുട്ടികൾക്കുള്ള മെഡിക്കൽ ക്യാമ്പ് നടത്തുന്നത് ബി.ആർ.സി.-കളാണ്. ആകെയുള്ള 168 ബി.ആർ.സി.-കളുടെ കീഴിൽ വരുന്ന സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. ആയതിനാൽ **ഇൻക്ലൂസീവ് എഡ്യൂക്കേഷന് അനുവദിക്കുന്ന തുക പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി സ്കൂളുകളിൽ പരിശോധനകൾ നടത്തേണ്ടതാണെന്നും, വിഭവങ്ങൾ വേണ്ടത്ര പ്രയോജനപ്പെടുത്താത്ത സ്കൂളുകൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

50) 'ഫോക്കസ് പദ്ധതി' 60 കുട്ടികളിൽ താഴെമാത്രം കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങൾ കണ്ടെത്തി അവിടെ പ്രത്യേക ശ്രദ്ധയും പിന്തുണയും നൽകുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ചതാണെന്നും നിലവിൽ പ്രസ്തുത പദ്ധതിയിലൂടെ ഓരോ ജില്ലയിൽ നിന്നും മൂന്ന് സ്കൂളുകൾ വീതം അപ്രകാരം സംസ്ഥാനത്താകെ 42 സ്കൂളുകളാണ് തെരഞ്ഞെടുത്തിരിക്കുന്നതെന്നും പ്രസ്തുത പദ്ധതിയിലൂടെ എല്ലാ സ്കൂളുകളിലും കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ **ഫോക്കസ് പദ്ധതിക്ക് കൂടുതൽ പ്രാധാന്യം നൽകി ആയതിനുള്ള മാർഗ്ഗരേഖകൾ, കൈപുസ്തകങ്ങൾ എന്നിവ വിദ്യാലയങ്ങൾക്ക് ലഭ്യമാക്കുക, അധ്യാപകർക്കും രക്ഷിതാക്കൾക്കും പ്രത്യേക ഒത്തുചേരലുകൾ സംഘടിപ്പിക്കുക, ഇതിന് പിന്തുണ നൽകാൻ ബി.ആർ.സി.-കളെ നിയോഗിക്കുക, വിദ്യാലയങ്ങളിൽ വികസനത്തിനായി പൂർവ്വ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കുക തുടങ്ങിയ ക്രമീകരണങ്ങളിൽ പൊതുവിദ്യാഭ്യാസ വകുപ്പ് വ്യാപൃതമാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**51) വകുപ്പിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന സ്കൂളുകളുടെ ഫോൺനമ്പർ, ഇ-മെയിൽ അഡ്രസ്സ് എന്നിവ കാലാകാലങ്ങളിൽ അപ്ഡേറ്റ് ചെയ്യണമെന്നും ഡി.ഇ.ഒ./എ.ഇ.ഒ. തലത്തിൽ ഇതിനുള്ള നിർദ്ദേശം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

52) കേരളത്തിലെ സ്കൂൾ മേഖലയിൽ സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണം നടന്നത് 2007-ലാണ്. തുടർന്ന് 2013-ൽ രൂപീകരിച്ച നയരേഖകളുടെ അടിസ്ഥാനത്തിൽ 2014, 2015 വർഷങ്ങളിൽ പാഠപുസ്തകങ്ങളുടെ ഉള്ളടക്കത്തിൽ മാറ്റം വരുത്തുകയുണ്ടായി. 2019-ൽ 9, 10 ക്ലാസുകളിലെ പാഠപുസ്തകങ്ങളിൽ ഐ.സി.ടി. സാധ്യതകൾ, തൊഴിൽ നൈപുണ്യമേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ദുരന്ത നിവാരണത്തെ സംബന്ധിച്ചുള്ള പാഠഭാഗങ്ങൾ എന്നിവ ഉൾപ്പെടുത്തുന്നതിന് ചില മെച്ചപ്പെടുത്തലുകൾ മാത്രമാണ് നടത്തിയിട്ടുള്ളത്. ഇതിലേക്കായി പാഠ്യപദ്ധതി പരിഷ്കരിക്കുന്ന പ്രവർത്തനങ്ങൾ ഒന്നും നടത്തിയിട്ടില്ല. നിലവിൽ സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണത്തിനാണ് പൊതു വിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചിട്ടുള്ളത് എന്ന് സമിതി മനസ്സിലാക്കുന്നു. ഇതിന്റെ ഭാഗമായി ഒരു പാഠ്യപദ്ധതി പരിഷ്കരണ കോർ കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവ് ആയിട്ടുണ്ട്. പ്രസ്തുത കോർ കമ്മിറ്റിയുടെയും സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റീയറിംഗ് കമ്മിറ്റിയുടെയും മേൽനോട്ടത്തിൽ പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ് എന്ന് സമിതി മനസ്സിലാക്കുന്നു. **ആയതിനാൽ കേരള പാഠ്യപദ്ധതി ചട്ടക്കൂട് രൂപീകരിക്കുന്നതിന് മുൻപായി കേരളത്തിലെ വിവിധ ജനവിഭാഗങ്ങളുമായി ചർച്ച നടത്തുകയും പാഠ്യപദ്ധതിയുടെ യഥാർത്ഥ ഗുണഭോക്താക്കളായ കുട്ടികളെയും ചർച്ചയുടെ ഭാഗമാക്കുകയും ചെയ്യണമെന്നും കൂടാതെ ഇതിനായി തെരഞ്ഞെടുക്കുന്ന അധ്യാപകർക്ക് പാഠപുസ്തക രചനയുമായി ബന്ധപ്പെട്ടുള്ള പരിശീലനം ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

53) ഭിന്നശേഷിക്കാരായ കുട്ടികളുടെ ഉന്നമനത്തിനായി, ശ്രവണ-കാഴ്ച വൈകല്യമുള്ള കുട്ടികൾക്കായി സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് മേഖലകളിൽ പ്രവർത്തിച്ചുവരുന്ന സ്പെഷ്യൽ സ്കൂളുകളും, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ നിയന്ത്രണത്തിലുള്ള എസ്.ഐ.എം.സി., എൻ.ജി.ഒ.-കൾ നടത്തുന്ന സ്പെഷ്യൽ സ്കൂളുകളും നിലവിലുള്ളതായും സ്പെഷ്യൽ സ്കൂളുകൾക്കുള്ള ഗ്രാന്റ് നൽകുന്നത് സർക്കാർ ഫണ്ടിൽ നിന്നാണെന്നും സമിതി മനസ്സിലാക്കുന്നു. സംസ്ഥാനത്ത് ആകെയുള്ള 314 സ്പെഷ്യൽ സ്കൂളുകളിലായി 25000 വിദ്യാർത്ഥികളാണ് പരിശീലനം നേടുന്നത്. സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ, ആയമാർ, ഫിസിയോതെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, കായിക-കരകൗശല അധ്യാപകർ എന്നിങ്ങനെ 6000 ജീവനക്കാരും

ഇതിനെ ആശ്രയിച്ച് കഴിയുന്നുണ്ട്. കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ തുക അനുവദിച്ചാൽ മാത്രമേ സ്കൂളുകൾക്ക് കാര്യക്ഷമമായി പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. സ്പെഷ്യൽ സ്കൂളുകൾക്ക് 2021-22 സാമ്പത്തിക വർഷം 95 കോടി രൂപ അനുവദിച്ചെങ്കിലും വിതരണം ചെയ്തത് 22.5 കോടി രൂപ മാത്രമാണെന്നും 2022-23 അധ്യയന വർഷത്തേക്കുള്ള പാക്കേജായി 45 കോടി രൂപ അനുവദിച്ചിരുന്നുവെന്നും അത് മുഴുവനായി വിതരണം ചെയ്തിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ **സ്പെഷ്യൽ സ്കൂളുകൾക്ക് സർക്കാർ നൽകിവരുന്ന ഗ്രാന്റ് സമയാസമയങ്ങളിൽ വിതരണം ചെയ്യുന്നതിനും ബഡ്ജറ്റിൽ നീക്കിവച്ച മുഴുവൻ തുകയും യഥാസമയം അനുവദിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

54) സംസ്ഥാനത്തെ 60 സ്പെഷ്യൽ സ്കൂളുകളുടെ രജിസ്ട്രേഷൻ പുതുക്കി നൽകാത്തത് മൂലം സ്പെഷ്യൽ സ്കൂൾ പാക്കേജിൽ ഉൾപ്പെടുത്തി സർക്കാർ നൽകുന്ന ധനസഹായം ഈ സ്കൂളുകൾക്ക് നഷ്ടപ്പെടാൻ ഇടയുണ്ടെന്നും രജിസ്ട്രേഷൻ പുതുക്കി ലഭിക്കേണ്ട സ്കൂളുകളുടെ പട്ടിക സഹിതം സാമൂഹിക നീതി വകുപ്പിന് പൊതുവിദ്യാഭ്യാസ വകുപ്പ് കത്ത് നൽകിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. നിലവിൽ സാമൂഹിക നീതി വകുപ്പാണ് രജിസ്ട്രേഷൻ പുതുക്കി നൽകേണ്ടത്. സംസ്ഥാനത്താകെ 314 സ്പെഷ്യൽ സ്കൂളുകളാണുള്ളത്. സാമൂഹിക നീതി വകുപ്പിന്റെ രജിസ്ട്രേഷനുണ്ടെങ്കിൽ മാത്രമേ ഈ സ്കൂളുകൾക്ക് സർക്കാരിന്റെ സഹായം ലഭിക്കൂ. അധ്യാപകർക്കുള്ള ഓണറേറിയം, കുട്ടികൾക്കുള്ള ആനുകൂല്യങ്ങൾ എന്നിവ ലഭ്യമാക്കണമെങ്കിലും രജിസ്ട്രേഷൻ ആവശ്യമാണ്. ആയതിനാൽ പൊതുവിദ്യഭ്യാസ വകുപ്പ് ലഭ്യമാക്കിയിട്ടുള്ള **പട്ടികയിലുള്ള സ്പെഷ്യൽ സ്കൂളുകളിൽ പരിശോധന നടത്തി അവയുടെ രജിസ്ട്രേഷൻ പുതുക്കി നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സാമൂഹ്യനീതി വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.**

55) സ്കൂൾ ബസുകളുടെ സ്ഥിതി വിവരം രക്ഷിതാക്കൾക്ക് ട്രാക്ക് ചെയ്യാൻ കഴിയുന്ന ഒരു മൊബൈൽ ആപ്പ് മോട്ടോർ വാഹന വകുപ്പ് 'വിദ്യാവാഹൻ' എന്ന പേരിൽ സജ്ജമാക്കിയിട്ടുള്ളതായും പ്രസ്തുത ആപ്പ് മുഖേന സ്കൂൾ ബസിന്റെ തത്സമയ വിവരം, വേഗത, മറ്റ് വിശദാംശങ്ങൾ എന്നിവ ലഭ്യമാകുമെന്നും സമിതി മനസ്സിലാക്കുന്നു. **ആയതിനാൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളും പ്രസ്തുത മൊബൈൽ ആപ്പിന്റെ സേവനം പ്രയോജനപ്പെടുത്തണമെന്നും സ്കൂൾ അധികൃതർ ഇതിനെക്കുറിച്ച് രക്ഷിതാക്കളിൽ അവബോധം സൃഷ്ടിക്കുവാനായി ക്ലാസ്സുകൾ സംഘടിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

56) രാജ്യത്തെ സാമൂഹ്യ സാമ്പത്തിക മേഖലകളിലെ മാറ്റങ്ങൾ ഉൾക്കൊണ്ടും സാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തിയും നൂതന കോഴ്സുകളുടെ

അടിസ്ഥാന വിവരങ്ങൾ സ്കൂൾ തലം മുതൽ എല്ലാ കുട്ടികൾക്കും ലഭ്യമാകുന്ന തരത്തിൽ പാഠ്യപദ്ധതികൾ ക്രമീകരിക്കുന്നതിലും നടപ്പാക്കുന്നതിലും പൊതു വിദ്യാഭ്യാസ വകുപ്പ് നടത്തിയിട്ടുള്ള ശ്രദ്ധേയ ചുവടുവയ്പുകൾ അഭിനന്ദനാർഹമാണ്.

57) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പോലെയുള്ള പദ്ധതികൾ ജനങ്ങളുടെ മനസ്സിൽ സ്ഥാനം പിടിച്ചുകഴിഞ്ഞിരിക്കുന്നു. യഥാർത്ഥത്തിൽ ഒരു കൂട്ടായ യത്നത്തിന്റെ ഫലമാണിത്. അധ്യാപകരും രക്ഷിതാക്കളും പൊതുസമൂഹവും കുട്ടികളും വിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാരും ഒരുമിച്ച് ചേർന്ന് കൈവരിച്ച നേട്ടം. ജനങ്ങളുടെ ചിന്തയിൽ പൊതുവിദ്യാലയങ്ങൾ സംരക്ഷിക്കപ്പെടേണ്ടതാണ് എന്ന തിരിച്ചറിവ് ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. ഇതിനെ സുസ്ഥിരമാക്കാനുള്ള പ്രവർത്തനങ്ങളാണ് ഇനി വകുപ്പ് ഏറ്റെടുക്കേണ്ടി വരുന്നത് എന്ന് സമിതി കരുതുന്നു. സമസ്ത മേഖലകളിലും പ്രതിസന്ധി സൃഷ്ടിച്ച കോവിഡ് മഹാമാരി പൊതുവിദ്യാഭ്യാസ മേഖലയിലും കനത്ത ആഘാതമാണ് ഉണ്ടാക്കിയത്. വിവിധ മാനസിക പ്രശ്നങ്ങളിൽ അകപ്പെട്ടുപോയ കുട്ടികളുടെ മാനസികാരോഗ്യം വീണ്ടെടുത്ത് അവരെ കലാ-കായിക പ്രവർത്തനങ്ങളിലൂടെ വഴിനടത്തി വിദ്യാഭ്യാസ രംഗത്ത് പുരോഗതിയിലേയ്ക്കും വളർച്ചയിലേയ്ക്കും നയിക്കാൻ വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് സാദ്ധ്യമാകുമെന്ന് സമിതി പ്രത്യാശിക്കുന്നു.

കെ. കെ. ശൈലജ ടീച്ചർ,
*അദ്ധ്യക്ഷ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2023 സെപ്റ്റംബർ 13.